പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4068 24.08.2017 ൽ മറുപടിയ്ക്ക്

## ഡീ-അഡിക്ഷൻ ആന്റ് റിസർച്ച് സെന്റർ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ് ഡീ-അഡിക്ഷൻ ആന്റ് റിസർച്ച് സെന്റർ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | എക്സൈസ് വകുപ്പിന്റെ കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും, ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിന് കൈമാറിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഉണ്ട്.<br>ആരോഗ്യ വകുപ്പിൽ നിന്നും 10 ജില്ലകളിലെ 10 ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് താമസംവിനാ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.<br>എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയ നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് കുറഞ്ഞത് 10 ഏക്കർ സ്ഥലം ആവശ്യമാണ്. ടി 10 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കോഴിക്കോട് കിനാലൂർ എസ്റ്റേറ്റിലും, എറണാകുളം ജില്ലയിലെ നേര്യമംഗലത്ത് ജില്ലാ കൃഷിതോട്ടത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കൃഷി വകുപ്പിന്റെ കീഴിൽ നേര്യമംഗലത്ത് പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ ഈ സെന്റർ തുടങ്ങുന്നതിനുവേണ്ട സ്ഥലവും മറ്റ് അനുകൂല ഘടകങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സെന്റർ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം കോഴിക്കോട് കിനാലൂരിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കിനാലൂർ എസ്റ്റേറ്റിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**